# പ്രവർത്തന റിപ്പോർട്ട് (5.5.2016 to 12.7.2016)

1. യു.ഡി.എഫ് കാലത്ത് വൈദ്യുതി മേഖലയിൽ നടന്ന വികസനങ്ങളും ശമ്പള പരിഷ്ക്കരണ നേട്ടങ്ങളും യുഡിഎഫിന്റെ എല്ലാ സ്ഥാനാർത്ഥികളുടെ ഫോട്ടോയും ഉൾക്കൊള്ളിച്ച് ഒരു പത്രം പുറത്തിറക്കി. അത് ഇലക്ഷന്മുമ്പുതന്നെ എല്ലാ ഡിവിഷനിലും എത്തിച്ചു.

2. അംഗങ്ങളിൽ നിന്നും പൊളിറ്റിക്കൽ ഫണ്ട് ശേഖരിച്ചു. എല്ലാ ഡിവിഷനുകളിൽ നിന്നും മുഴുവൻ തുകയും ലഭിച്ചിട്ടില്ല. നമ്മുടെ പ്രസിഡന്റുൾപ്പടെയുള്ളവർക്ക് സാമ്പത്തിക സഹായം നൽകി.

3. സബ് എഞ്ചിനീയർ നിയമനത്തിന്റെ അഡ്വൈസിന്റെ കോപ്പി എല്ലാ ഡിവിഷനിലും എത്തിച്ചു.

4. നിയമസഭ ഇലക്ഷന് മുമ്പ് എല്ലാ ഡിവിഷൻ കമ്മിറ്റികളും ചേർന്നു. യു.ഡി.എഫ് സ്ഥാനാർത്ഥികളുടെ വിജയത്തിനുവേണ്ടി പ്രവർത്തിച്ചു.

5. എം.എസ്.റാവുത്തർ ട്രസ്റ്റിന് വേണ്ടിയുള്ള ഡ്രാഫ്റ്റിന് രൂപം കൊടുത്തു.

6. മുൻ തീരുമാന പ്രകാരം വർക്കിംഗ് ഫണ്ട് ശേഖരിക്കുന്നതിനുള്ള Declaration Form എല്ലാ ജില്ലയിലും എത്തിച്ചു. Declration Form തിരികെ എത്തിക്കുന്ന കാര്യത്തിൽ ഭൂരിപക്ഷം ഡിവിഷൻ കമ്മിറ്റികളും സഹകരിച്ചു. ഇവിടെ ലഭിച്ച ഫോം പ്രകാരമുള്ള തുകയുടെ വിശദവിവരങ്ങൾ ഇന്നിപ്പോൾ നൽകുന്നു. ഉദ്ദേശം 5000 അംഗങ്ങളുടെ ഡിക്ലറേഷൻ ഫോം ലഭിച്ചു.

7. ശമ്പള പരിഷ്ക്കരണത്തോടനുബന്ധിച്ച് നടന്ന ചർച്ചയുടെ തുടർച്ചയായിട്ടുള്ള Expert Committee, Implementation തടങ്ങിയവയിലേക്കും വെൽഫയർ ഫണ്ട്, ട്രസ്റ്റിലേക്കും നമ്മുടെ പേരുകൾ നൽകി.

| | |
|---|---|
| Implementation Committee | V.Gopakumar, R. Ajith Kumar |
| Expert Committee | K.C Rajan, Neyyattinkara Pradeep |
| Welfare Fund Trust | V.Gopakumar, Neyyattinkara Pradeep |

8. UDEEF ന്റെ Recognition Order ഗവൺമെന്റിൽ നിന്നും KSEB Ltd ൽ നിന്നും ലഭിച്ചു. ഹൈക്കോടതിയിൽ കേസുന്നെതിന്റ പേരിൽ അംഗീകാരം നൽകുന്നത് തടഞ്ഞ് വച്ചിരുന്നത് നേടിയെടുക്കാൻ സാധിച്ചു എന്നുള്ളത് റിപ്പോർട്ട് കാലയളവിലെ ഏറ്റവും വലിയ നേട്ടമാണ്.

9. **കരിദിനം** - UDF സർക്കാർ വൈദ്യുതി ജീവനക്കാർക്ക് നൽകിയ ശമ്പളം വെട്ടിക്കുമെന്നുള്ള ബോർഡിന്റെയും റെഗുലേറ്ററി കമ്മീഷന്റേയും തീരുമാനത്തിനെതിരെ ജൂലൈ 7 തീയതി എല്ലാ ഡിവിഷനിലും കരിദിനം ആചരിച്ചു. തുടർന്ന് യോഗവും പ്രതിഷേധ പ്രകടനവും നടത്തി.
10. മെമ്പർഷിപ്പ് രജിസ്റ്റർ വെബ്സൈറ്റിലൂടെ കാണാനുള്ള സൗകര്യം ഒരുക്കി.

11. Identity card നൽകുന്നതിനുള്ള റിക്കാർഡുകൾ 75% പൂർത്തിയാക്കി.

**ചികിത്സ സഹായം**

നമ്മുടെ കട്ടപ്പന ഡിവിഷൻ സെക്രട്ടറി ജൂഡിക്ക് കിഡ്നി മാറ്റി വയക്കുന്നതിലേക്ക് വൻ സാമ്പത്തികം ആവശ്യമായതിനാൽ എല്ലാ ഡിവിഷൻ കമ്മിറ്റികളും SB A/c No.67361167564 (Judy Augustine, SBT, Idukky) അവരവരുടെ സഹായം ഒരാഴ്ചയ്ക്കകം നിക്ഷേപിക്കണം. സംസ്ഥാന കൗൺസിലിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആരും ഇതുവരെ സഹകരിച്ചില്ല എന്നുള്ള കാര്യം വിഷമത്തോടെ അറിയിക്കുന്നു.

**പ്രതിനിധി സമ്മേളനം**

പ്രതിനിധികളുടെ ലിസ്റ്റ് കേന്ദ്രക്കമ്മിറ്റി ഓഫീസിൽ നിന്നും നൽകിയിട്ടുള്ള ഫോമിലാക്കി 15-05-2016 ന് മുമ്പ് എത്തിക്കണ മെന്ന് അറിയിച്ചിട്ട് 5 ഡിവിഷൻ കമ്മിറ്റികൾ മാത്രമാണ് ഇതുവരെ എത്തിച്ചിട്ടുള്ളത്.

**ഐഡന്റിറ്റി കാർഡ്**

മെമ്പർഷിപ്പ് ലിസ്റ്റ് അനുസരിച്ചുള്ള ഐഡന്റിറ്റി കാർഡ് ഉടൻ പ്രിന്റ് ചെയ്യുന്നതാണ്. എന്തെങ്കിലും തിരുത്തുണ്ടെങ്കിൽ 2 ദിവസത്തിനകം കേന്ദ്രക്കമ്മിറ്റി ഓഫീസിൽ അറിയിക്കണം.

**സെപ്തംബർ 2 പൊതുപണുമുടക്ക്**

ബാഗ്ലൂരിൽ വച്ച് നടന്ന INTUC അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റിയിൽ ജനറൽ സെക്രട്ടറി പങ്കെടുത്തിരുന്നു. BJP ഗവൺമെന്റിന്റെ തൊഴിലാളി നയങ്ങൾക്കെതിരെ സെപ്തംബർ 2 ന് നടത്തുന്ന പണിമുടക്കിൽ എല്ലാ INTUC പ്രവർത്തകരും പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് വർക്കിംഗ് കമ്മിറ്റി ആവശ്യപ്പെട്ടു.

**അജണ്ട**

1. വർക്കിംഗ് ഫണ്ട്
2. എം.എസ്.റാവുത്തർ അനുസ്മരണം
3. വസ്തു വാങ്ങുന്നത് സംബന്ധിച്ച്
4. എം.എസ്.റാവുത്തർ ട്രസ്റ്റ്
5. ഇന്റേണൽ ഓഡിറ്റേഴ്സ്
6. സോഷ്യൽ മീഡിയ ഡിവിഷൻ പ്രതിനിധി
7. സംസ്ഥാന സമ്മേളനം/പ്രതിനിധി സമ്മേളനം

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി